# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3838** **21.06.2019-ൽ മറുപടിയ്ക്ക്**

**<u>പ്രവാസി ചിട്ടി-കിഫ്ബിയും കെ.എസ്.എഫ്.ഇ.യും തമ്മിലുള്ള ജോയിന്റ് വെഞ്ചർ</u>**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കിഫ്ബിയും കെ.എസ്.എഫ്. ഇ. യും തമ്മിലുള്ള ജോയിന്റ് വെഞ്ചർ ആയിട്ടാണോ പ്രവാസി ചിട്ടി പ്രവർത്തിക്കുന്നത്, എങ്കിൽ ഈ രണ്ട് സ്ഥാപനങ്ങളും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; പ്രവാസിച്ചിട്ടി നടത്തിപ്പുമായി ബന്ധപ്പെട്ട് കിഫ്ബിയും, കെ.എസ്.എഫ്.ഇ. യും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് ജോയിന്റ് വെഞ്ചർ ആയി പ്രവർത്തിക്കുന്നു എന്ന് പറയുന്നത്; | (എ) | കിഫ്ബിയും കെ.എസ്.എഫ്.ഇ.യും തമ്മിലുള്ള ജോയിന്റ് വെഞ്ചർ ആയിട്ടല്ല പ്രവാസി ചിട്ടി പ്രവർത്തിക്കുന്നത്.<br>പൂർണ്ണമായും കെ.എസ്.എഫ്.ഇ യുടെ ഉടമസ്ഥതയിലുള്ള ഒരു സംരംഭമാണ് കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി. ഇതിൽ നിന്നും ലഭിക്കുന്ന ഫണ്ട് കിഫ്ബി വഴി കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉപയോഗിക്കും എന്നതിന്റെ ഭാഗമായി കിഫ്ബിയും കെ.എസ്.എഫ്.ഇ യും ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കിഫ്ബിയുടെയും കെ.എസ്.എഫ്.ഇ യുടെയും ബോർഡുകൾ തീരുമാനിച്ച പ്രകാരം പ്രവാസി ചിട്ടിയുടെ സാങ്കേതിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ആദ്യ ഘട്ടത്തിലെ മീഡിയ & മാർക്കറ്റിംഗിനുമുള്ള ചെലവുകൾ കിഫ്ബി വഹിച്ചിട്ടുണ്ട്. |
| (ബി) | പ്രവാസിച്ചിട്ടി തുടങ്ങിയതു മുതൽ ഇന്നേവരെ ഓൺ ലൈൻ ആയി ചിട്ടി അടയ്ക്കാൻ കോർ സോഫ്റ്റ് വെയർ വഴിയും മൊബൈൽ ആപ്പ് വഴിയും ശ്രമിച്ചവർ ആകെ എത്ര പേർ; ഇതിൽ എത്ര പേർക്ക് തുക അടയ്ക്കാൻ കഴിഞ്ഞു. എത്രപേർ പരാജയപ്പെട്ടു; ഏറ്റവും കൂടുതൽ പേർ പരാജയപ്പെടുന്നത് ഏതു സോഫ്റ്റ് വെയർ ഉപയോഗിക്കുമ്പോഴാണ്; കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | ചിട്ടിയുടെ ആദ്യതവണ അടയ്ക്കുന്നതിന് ശ്രമിച്ചത് 7198 പേരാണ് . അതിൽ 4130 പേർ കോർ ആപ്ലിക്കേഷൻ വഴിയും 1541 പേർ മൊബൈൽ ആപ്പ് വഴിയും അടച്ചു കഴിഞ്ഞു . കോർ ആപ്ലിക്കേഷൻ വഴി തവണ സംഖ്യ അടക്കാൻ ശ്രമിച്ചു പരാജയപ്പെട്ടാൽ അവർ മൊബൈൽ ആപ്പ് വഴി തവണസംഖ്യ അടച്ച് പേയ്മെന്റ് പ്രക്രിയ പൂർത്തീകരിക്കുന്നു. ഇത് ചിലപ്പോൾ തിരിച്ചും സംഭവിക്കുന്നു, ആയതിനാൽ ഏതാണ് മെച്ചം എന്നത് നിർവചിക്കുക സാധ്യമല്ല. |
| (സി) | പ്രവാസി ചിട്ടിക്ക് ഉപയോഗിക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ തികഞ്ഞ പരാജയമാണെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതുവഴി ചിട്ടിപ്പണം അടയ്ക്കാൻ ശ്രമിക്കുന്നവരിൽ 50% ത്തിനു മുകളിൽ | (സി) | മൊബൈൽ ആപ്ലിക്കേഷൻ തികഞ്ഞ പരാജയമാണെന്ന വാദം ശരിയല്ല. എന്നാൽ ആരംഭഘട്ടത്തിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. അത് പരിഹരിച്ചു മൊബൈൽ ആപ്ലിക്കേഷൻ ഇപ്പോൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. മറ്റു പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അപ്പോൾ തന്നെ |

| | | | |
|---|---|---|---|
| | പരാജയപ്പെടുന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്ന തിന് എന്ത് നടപടിയാണ് സ്വീകരിച്ചത്; ഇതിനായി എത്ര രൂപയാണ് ചെലവാക്കിയത്; ഏതു കമ്പനിയാണ് ഇതിന്റെ ടെണ്ടർ ഏറ്റെടുത്തത്; വിശദാംശം ലഭ്യമാക്കുമോ; | | പരിഹരിക്കുന്നുണ്ട്. പ്രവാസി ചിട്ടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ ചെയ്യുന്നതിന് സി -ഡിറ്റ് മായി ഉണ്ടാക്കിയിട്ടുള്ള കരാറിൽ മൊബൈൽ ആപ്ലിക്കേഷനും ഉൾപ്പെടുത്തിയിട്ടുണ്ട് . മൊബൈൽ ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് 4.82 ലക്ഷം രൂപ കെ.എസ്.എഫ്.ഇ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രവാസിച്ചിട്ടിയുടെ ലോഗോ യിൽ എന്തുകൊണ്ടാണ് കെ.എസ്.എഫ്. ഇ. യുടെ പുതിയ ലോഗോയും കളർ കോഡും ഉപയോഗിക്കാത്തത്; ഇങ്ങനെ ഉപയോഗിക്കാത്തതു മൂലം പ്രവാസിച്ചിട്ടിയുടെ നടത്തിപ്പ് കിഫ്ബി ആണ് എന്ന ധാരണ ജനങ്ങളുടെ ഇടയിൽ ഉള്ളത് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ; അതിനാൽ പ്രവാസിച്ചിട്ടിയുടെ ലോഗോയിൽ കെ.എസ്.എഫ്.ഇ. യുടെ ലോഗോയും കളർ കോഡും കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | KSFE യുടെ നിലവിലെ ലോഗോ രൂപകൽപന ചെയ്യുന്നതിന് മുന്നേ ആണ് പ്രവാസി ചിട്ടിയുടെ ഡിസൈൻ തീരുമാനിക്കപ്പെട്ടത്. എന്നാൽ ഇപ്പോൾ കെ.എസ്.എഫ്.ഇ. പ്രവാസിചിട്ടി സംബന്ധിച്ച പരസ്യങ്ങളിൽ കമ്പനിയുടെ പുതിയ ലോഗോ പ്രദർശിപ്പിക്കുന്നുണ്ട്. |
| (ഇ) | പ്രവാസിച്ചിട്ടിയുടെ നടത്തിപ്പ മായി ബന്ധപ്പെട്ട് ഇന്നേവരെ എത്ര കോടി രൂപ ചെലവായി; ഏതൊക്കെ ഇനങ്ങളിൽ ആർക്കൊക്കെ എത്ര രൂപ നൽകി; വിശദാംശം ലഭ്യമാക്കുമോ; ചിട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇൻ ട്രസ്റ്റ് (സി.എസ്.ഡി.ടി.) ഇനത്തിൽ പ്രവാസി ചിട്ടിയിൽ ഇടപാടുകാർ നിക്ഷേപിക്കുന്ന തുക കിഫ്ബിയിൽ നിക്ഷേപിക്കുമ്പോൾ കെ.എസ്.എഫ്.ഇ. ക്ക് കിഫ്ബി 7.5% പലിശയേ നൽകുന്നുള്ളൂ എന്ന വസ്തുത ശരിയാണോ; കെ.എസ്. എഫ്.ഇ. ഇടപാടുകാർക്ക് 8% പലിശ നൽകേണ്ടിവരുന്നതു മൂലം കെ.എസ് .എഫ്.ഇ. യ്ക്ക് നഷ്ടം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ നഷ്ടം കെ.എസ്.എഫ്.ഇ. യ്ക്ക് സർക്കാർ നൽകുമോ; ഇല്ലെങ്കിൽ ഇത്തരം ബോണ്ടു കൾക്ക് 8% പലിശ | (ഇ) | പ്രവാസി ചിട്ടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കെ.എസ്.എഫ്. ഇ. യിൽ നിന്നും ഇന്നേവരെ 10.34 കോടി രൂപയാണ് ചെലവായത്. അതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br><br>എ ). പരസ്യം , ഹാൾ വാടക , സൽക്കാരം ,<br>യാത്ര (സി -ഡിറ്റ് മുഖേനെ ) : 5.05 കോടി രൂപ<br>ബി ). വിദേശയാത്ര നടത്തിയവർക്ക്<br>ഡി എ നൽകിയ വകയിൽ : 0 .02 കോടി രൂപ<br>സി ) സ്റ്റാഫ് കോസ്റ്റ്<br>(സി -ഡിറ്റ് മുഖേനെ ) :0.82 കോടി രൂപ<br>ഒറൈസിസ് : 0.19 കോടി രൂപ<br>1.01 കോടി രൂപ<br>ഡി ). സോഫ്റ്റ് വെയർ<br>(സി -ഡിറ്റ് മുഖേനെ ) : 2.81 കോടി രൂപ<br>ഇ ). ഓഫീസ് ഫർണിഷിങ്<br>(സി -ഡിറ്റ് മുഖേനെ ) : 0 .74 കോടി രൂപ |

<table>
<tr>
<td></td>
<td>കിഫ്ബിയെ കൊണ്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ,</td>
<td></td>
<td>എഫ് ) പരസ്യം (എൻ .ടി .വി ) 0.43 കോടി രൂപ<br>ആഡ് ഫിനിറ്റി - 0.03 കോടി രൂപ<br>0.46 കോടി രൂപ<br>ജി) ഹാർഡ്‌വെയർ<br>(സി -ഡിറ്റ് മുഖേനെ ) :0.16 കോടി രൂപ<br>എച്ച് )യൂറോപ്യൻ ലോഞ്ച് : 0.09 കോടി രൂപ<br>ആകെ 10.34 കോടി രൂപ<br><br>ചിട്ടിപണം ചിട്ടിയുടെ ഭാവി ബാധ്യതയ്ക്ക് വേണ്ടി CSDT ആക്കി മാറ്റുമ്പോൾ മാത്രമേ 8% വരെ പലിശ നൽകുന്നുള്ളൂ എന്നാൽ ചിട്ടി സംഖ്യയിൽ നിന്നും മാറ്റുന്ന അല്ലാതുള്ള FD കൾക്ക് 8% പലിശ നൽകുന്നില്ല. മേൽ പറഞ്ഞ പ്രകാരം CSDT സംഖ്യ കിഫ്ബിയിൽ നിക്ഷേപിക്കുന്നത് വഴിയുണ്ടാകുന്ന 0.5% പലിശ നഷ്ടം സർക്കാർ കെ.എസ്.എഫ്.ഇ. യ്ക്ക് നൽകുന്നില്ല. ഇത് കെ.എസ്.എഫ്.ഇ. യുടെ ഫോർമാൻ കമ്മീഷനിൽ നിന്ന് വഹിക്കുകയാണ്.<br><br>കെ.എസ്.എഫ്. ഇ പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ നിന്ന് ചെലവായ തുക ചുവടെ ചേർക്കുന്നു.
<table>
<tr><td>ഇനം</td><td>തുക</td></tr>
<tr><td>മീഡിയ & മാർക്കറ്റിംഗ്</td><td>8,64,94,621</td></tr>
<tr><td>സാങ്കേതിക സഹായം</td><td>8,42,39,641</td></tr>
<tr><td>ആകെ</td><td>17,07,34,262</td></tr>
</table>
കെ. എസ്.എഫ്.ഇ കിഫ്ബിയുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ബോണ്ടുകൾക്ക് ആ സമയത്ത് ട്രഷറിയിൽ നിലനിൽക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ നിരക്കും (നിലവിൽ 7.5%), ഡെപ്പോസിറ്റ് ബോണ്ടുകൾക്ക് ട്രഷറിയിൽ നിലനിൽക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ നിരക്ക് + 0.10% എന്ന പലിശനിരക്കുമാണ് നൽകുന്നത്.</td>
</tr>
<tr>
<td>(എഫ്)</td>
<td>നിലവിലെ സാഹചര്യത്തിൽ പ്രവാസിചിട്ടിയിൽ ഒരു ലക്ഷം രൂപ സലയുള്ള 25 മാസത്തെ ചിട്ടിയുടെ നടത്തിപ്പിന് കെ.എസ്.എഫ്.ഇ. ക്ക് ശരാശരി എത്ര രൂപ ചെലവാകും, ഈ ചിട്ടി വട്ടമെത്തുമ്പോൾ ശരാശരി</td>
<td>(എഫ്)</td>
<td>ഏത് ചിട്ടിയിലും ചിട്ടി തുകയുടെ 5 ശതമാനം ഫോർമാൻ കമ്മീഷൻ ആയി KSFE ക്ക് ലഭിക്കുന്നുണ്ട്. ഇവിടെയും അത് ലഭിക്കുന്നുണ്ട്. ഒരു ചിട്ടി രജിസ്റ്റർ ചെയ്യുന്നതിന് ചിട്ടി തുകയുടെ 5 % വരുന്ന തുകയ്ക്കുള്ള മുദ്രപ്പത്ര ചെലവും 500 രൂപക്കുള്ള അധിക മുദ്രപ്പത്രവും മിനിറ്റ്സ് ഒന്നിന്</td>
</tr>
</table>

| | | | |
|---|---|---|---|
| | എത്ര രൂപ ലാഭം കിട്ടും; പ്രവാസി ച്ചിട്ടിയിൽ ഇടപാടുകാർക്ക് ഏർപ്പെടുത്തിയിരിക്കുന്ന ഇൻഷുറൻസ് പരിരക്ഷയുടെ നടത്തിപ്പ് ആർക്കൊക്കെയാണ്, ഇതിന്റെ ഇൻഷുറൻസ് നടത്തിപ്പ് കെ.എസ്.എഫ്.ഇ.ക്ക് സ്വന്തമായി ചെയ്തു കൂടെ; ആയതിന് നിലവിൽ എന്തെങ്കിലും നിയമതടസം ഉണ്ടോ; ഇല്ലെങ്കിൽ ഈ ഫണ്ട് കെ.എസ്.എഫ്.ഇ. കൈകാര്യം ചെയ്യുന്നതിനു വേണ്ടുന്ന നടപടി സ്വീകരിക്കുമോ; | | 10 രൂപയും ബാലൻസ്ഷീറ്റിനു വാർഷികമായി 1000 രൂപയും സാധാരണയായി ചെലവ് വരും. ഈ ചിട്ടി വട്ടമെത്തുമ്പോൾ ഫോർമാൻ കമ്മീഷൻ എന്ന നിലയിൽ 1,00,000 x 5% =5000 x 25 മാസം =1,25,000/- രൂപ ലഭിയ്ക്കുന്നതാണ്. ഇൻഷുറൻസ് പരിരക്ഷ നൽകുന്നത് ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനും സ്റ്റേറ്റ് ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റും ആണ് . |
| ജി | പ്രവാസിച്ചിട്ടിയുടെ പൂർണമായ നടത്തിപ്പ് ചുമതല ആർക്കാണ്; പ്രവാസിച്ചിട്ടിയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നത് കിഫ്ബി ആണോ കെ.എസ്.എഫ്.ഇ. മാനേജ്മെന്റ് ആണോ, ഇതിൽ ആരൊക്കെയാണ് അംഗങ്ങൾ ആയിട്ടുള്ളത്, കിഫ്ബിയെ പ്രതിനിധീകരിച്ച് ആരാണ് മീറ്റിംഗുകളിൽ പങ്കെടുക്കുന്നത്, കിഫ്ബിയിലെയോ കെ.എസ്.എഫ്.ഇ. യിലേയോ, സർക്കാരിലേയോ, സീ-ഡിറ്റ്-ലെയോ ഉദ്യോഗസ്ഥരെ കൂടാതെ വേറെ ആരെങ്കിലും മീറ്റിംഗുകളിൽ പങ്കെടുക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ആരൊക്കെയാണ്, ഓരോരുത്തരുടേയും ചുമതലകൾ എന്തൊക്കെയാണ്, വിശദാംശം ലഭ്യമാക്കുമോ? | ജി | പ്രവാസി ചിട്ടിയുടെ നടത്തിപ്പ് KSFE തന്നെ ആണ് നിർവഹിക്കുന്നത്. സോഫ്റ്റ്വെയർ റിവ്യൂയുമായി ബന്ധപ്പെട്ട KSFE യുടെ NRI ബിസിനസ് സെന്ററിലെയും കിഫ്ബിയിലെയും സോഫ്റ്റ്വെയർ ഡെവലപ്പർമാരുടേയും സംയുക്ത യോഗം കൂടാറുണ്ട് . |

സെക്ഷൻ ഓഫീസർ